## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51 — 27.02.2018-ൽ മറുപടിയ്ക്ക്

### നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, കെ.സി.ജോസഫ്<br>,, എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18 ൽ പ്രതീക്ഷിച്ചത് എത്ര ശതമാനമായിരുന്നു; പ്രസ്തുത വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്; | (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18 ൽ പ്രതീക്ഷിച്ചത് 25 ശതമാനമായിരുന്നു; പ്രസ്തുത വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. 31.01.2018 വരെയുള്ള കണക്കനുസരിച്ച് 10 ശതമാനം വളർച്ച മാത്രമേ കൈവരിക്കാൻസാധിച്ചിട്ടുള്ളു. നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.<br>01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കും എന്നാണ് കരുതിയത്. എന്നാൽ ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതുകൊണ്ട് മുഴുവൻ വ്യാപാരികൾക്കും റിട്ടേൺ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. ജൂലൈ മുതലുള്ള റിട്ടേൺ ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് 31.03.2018 വരെ സമയം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. മുഴുവൻ വ്യാപാരികളും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ പ്രതീക്ഷിക്കുന്ന നികുതി പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. |
| (ബി) | വർദ്ധിച്ചുവരുന്ന അഴിമതിയും സർക്കാർ സ്റ്റേകളും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നികുതി ചോർച്ച തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (സി) | 01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയെങ്കിലും, ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി.നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ച എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഇ-വേയ് ബിൽ സമ്പ്രദായം നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശാദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമ പ്രകാരം രജിസ്ട്രേഷൻഎടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് കൊണ്ടുവന്ന പദ്ധതി വിജയകരമായിരുന്നോ; | (ഡി) | അതെ |
| (ഇ) | അപ്പീൽ കേസുകളും കോടതി വ്യവഹാരങ്ങളും വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അപ്പീൽ കേസുകളും കോടതി വ്യവഹാരങ്ങളും വേഗത്തിൽ തീർപ്പാക്കുന്നതിന് 4 ഡെപ്യൂട്ടി കമ്മീഷണർമാരുടെ തസ്തികയും 12 അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | കമ്മീഷണർമാരുടെ തസ്തികയും കൂടുതലായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ അപ്പീൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെയും ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെയും മീറ്റിങ്ങുകൾ വിളിച്ച കൂട്ടി അപ്പീൽ കേസുകളുടെയും കോടതി വ്യവഹാരങ്ങളുടെയും തീർപ്പാക്കൽ വേഗത്തിൽ നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ